LIBRARY ARCHIVES Kerala Legislative Assembly

പുനർഗേഹം പദ്ധതി

237(543) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരമേഖലയിലെ കടലോരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടായിരുന്നെന്ന് വ്യക്തമാക്കുമോ?

2018-19 കാലയളവിൽ വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ താമസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അവർക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പുനർഗേഹം പദ്ധതി പ്രകാരം എത്ര കുടുംബങ്ങളെ വീട് വച്ച് മാറ്റി പാർപ്പിച്ചുവെന്നറിയിക്കുമോ?

368 ഗുണഭോക്താക്കൾ ഭൂമി വാങ്ങി ഭവനനിർമ്മാണം പൂർത്തീകരിച്ച് മാറി താമസിച്ചിട്ടുണ്ട്. 308 കെട്ടിട സമുച്ചയങ്ങൾ പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലുമാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് എത്ര കുടുംബങ്ങൾക്കുകൂടി വീട് വച്ച് നൽകി മാറ്റി പാർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അപ്പീൽ കമ്മിറ്റി അംഗീകരിക്കപ്പെട്ട 10307 ഗുണഭോക്താക്കളിൽ 7692 പേർ സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ട്. സമ്മതം അറിയിച്ചിട്ടുള്ള മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 'പുനർഗേഹം' പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന 'പുനർഗേഹം' പദ്ധതി പ്രകാരം നിലവിൽ 10307 ഗുണഭോക്താക്കളെ ജില്ലാതല അപ്പീൽ കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 7692 പേർ മാറിത്താമസിക്കുവാൻ സമ്മതം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഭവന

നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയ 2129 ഗുണഭോക്താക്കളുടെ ഭൂമി വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 1596 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1109 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും 368 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുവോ; വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(എഫ്) 'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന തീരത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന തീരത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങളൊന്നും അനുവദിക്കുകയില്ല. പ്രസ്തുത ഭൂമിയിൽ അനുയോജ്യമായ സസ്യജാലങ്ങൾ വെച്ച് പിടിപ്പിച്ച് ഒരു ജൈവ കവചം സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

ആഴക്കടൽ മത്സ്യബന്ധന കരാർ

238(544) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പുണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഫിഷറീസ് വകുപ്പുമന്ത്രി 2018-ൽ ന്യൂയോർക്കിൽ വച്ച് ഇ.എം.സി.സി. പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നോയെന്ന് അറിയിക്കുമോ; പ്രസ്തുത കമ്പനിയുടെ അധികൃതർ കേരളത്തിൽ വന്ന് മുൻ മന്ത്രിയുമായും സെക്രട്ടറിയുമായും ചർച്ച നടത്തി ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ?

മുൻ ഫിഷറീസ് വകുപ്പുമന്ത്രി ഇ.എം.സി.സി.-യുമായി ചർച്ച നടത്തിയിട്ടില്ല.

(ബി) 2019-ൽ സർക്കാർ പുറപ്പെടുവിച്ച മത്സ്യ നയത്തിന്റെ ഭാഗമായി കോണ്ടിനെന്റൽ സ്ലോപ്പിൽ വിദേശ കമ്പനികൾക്ക് മത്സ്യബന്ധനം നടത്താൻ അധികാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മത്സ്യനയത്തിൽ ഇപ്രകാരമൊരു വ്യവസ്ഥ ചേർക്കാനുള്ള സാഹചര്യം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly